**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** **05-10-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഗ്രിഡ് 2 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2 പദ്ധതിയിൽ നിർവഹണ ഏജൻസിയുമായുള്ള തിരിച്ചടവു കരാർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വായ്പയുടെ പലിശനിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, കിഫ്ബിയും ബന്ധപ്പെട്ട ഭരണവകുപ്പും പദ്ധതിയുടെ നിർവഹണ ഏജൻസിയും തമ്മിൽ ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക കിഫ്ബി അനുവദിച്ചതിനു ശേഷം മാത്രമേ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടുകയുള്ളു. അപ്പോൾ മാത്രമേ തിരിച്ചടവിന്റെ പലിശ നിരക്ക് നിശ്ചയിക്കപ്പെടുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിക്ക് നാളിതുവരെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക കിഫ്ബി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ആകെ 5200 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. 2021 സെപ്റ്റംബർ 30 വരെ 975.47 കോടി രൂപ (18.76%) ഈ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. ഷാഫി പറമ്പിൽ സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 497 ട്രാൻസ് ഗ്രിഡ് 2 പദ്ധതി എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യങ്ങൾ താഴെ പറയുന്നവയാണ്.*

*(എ)* കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2 പദ്ധതിയിൽ നിർവഹണ ഏജൻസിയുമായുള്ള തിരിച്ചടവ് കരാർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വായ്പയുടെ പലിശനിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ; *(ബി)* പ്രസ്തുത പദ്ധതിക്ക് നാളിതുവരെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക കിഫ്ബി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(signature)

**ജോയിന്റ് സെക്രട്ടറി**